കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേലില ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി11-429/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

തീയതി-20.05.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേലില ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മേലില ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലില ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപ09ത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ <*പഞ്ചായത്ത്*> എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)<*പഞ്ചായത്ത് *>ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം.പി11-429/2020 തീയതി:20/05/2020

<u>കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ</u>

<u>2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2018 മുതൽ 23.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും , 01.04.2018 മുതൽ 31.10.2019 തിയ്യതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.സൈമൺ കെ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24.02.2020 മുതൽ 03.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീമതി.ബിജി വർഗ്ഗീസ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീമതി.സിന്ധു റ്റി, ശ്രീമതി. പത്മ കുമാരി.എൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സുബി എസ്സ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.അന്ന കെ ആനന്ദ് | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.പി പ്രസാദ് | 01.04.2018 മുതൽ 21.05.2018 വരെ |
| | | ശ്രീമതി. താര എ | 22.05.2018 മുതൽ 12.06.2018 വരെ |
| | | ശ്രീ.01.04.2018 മുതൽ 31.03.2019 വരെ വി.ജെ വിജയകുമാർ | 13.06.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ.എ കബീർദാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | : | | |
| ഉദ്യോഗപ്പേര് | | | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.അനിൽ കുമാർ എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | | ഡോ.സുരേഷ് കുമാർ | 01.04.2018 മുതൽ 25.02.2019 വരെ |
| | | ഒഴിവ് | 26.02.19 മുതൽ 28.02.2019 വരെ |
| | | ഡോ.എം.കെ അനീഷ് | 01.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ.രജനി ഗോപാലകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീമതി.മീര | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.രമ്യ | 01.04.2018 മുതൽ 05.07.2018 വരെ |
| | ഒഴിവ് | 06.07.2018 മുതൽ 18.07.2018 വരെ |
| | ശ്രീമതി.സ്മിത എസ് | 19.07.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പ്രസേനകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സംഗീത എസ് | 01.04.2018 മുതൽ 16.08.2018 വരെ |
| | ശ്രീമതി.സുമി ഐ | 17.08.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ.എലിസബത്ത് ഏബ്രഹാം | 01.04.2018 മുതൽ 26.06.2018 വരെ |
| | ഡോ.അജിതകുമാരി കെ ബി | 27.6.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സീന റ്റി ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി ഇ ഒ | ശ്രീമതി.ജെൻസി മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| വി ഇ ഒ | ശ്രീമതി.ശാന്തി ആർ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | പട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം- കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി | 1-12 |
| 13 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം- കൂടിയ നിരക്കിലുള്ള കട്ടിൽ വാങ്ങി നൽകി | 1-13 |
| 14 | മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല 90000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-14 |
| 15 | കൃഷിഓഫീസർ നിർവഹണം | 1-15 |

| | | |
|---|---|---|
| | നടത്തിയ പദ്ധതികളിലെ അപാകതകൾ | |
| 16 | വസ്തു നികുതി അപാകതകൾ | 1-16 |
| 17 | കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം കിഴിച്ചിട്ടില്ല. | 1-17 |
| 18 | തെരുവുവിളക്കുകളുടെ മെയിന്റനൻസ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-18 |
| 19 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല | 1-19 |
| 20 | കറവ പ്പശുവിനെ വാങ്ങൽ -ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-20 |
| 21 | കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോട് പുനരുദ്ധാരണം -പ്രവർത്തി ദിനങ്ങൾ പൂർത്തീകരിച്ചെങ്കിലും പ്രവർത്തി പൂർത്തീകരിച്ചില്ല. | 1-21 |
| 22 | കാലിബാരലിന്റെ വില കരാറുകാരനിൽനിന്നും ഈടാക്കിയില്ല | 1-22 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | മഴക്കാല പൂർവ | 3-1 |

| | | |
|---|---|---|
| | ശുചീകരണം-നടപടി പ്രവർത്തനങ്ങൾ തൃപ്രികരമല്ലപട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം- കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി | |
| 24 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം- കൂടിയ നിരക്കിലുള്ള കട്ടിൽ വാങ്ങി നൽകി. | 3-2 |
| 25 | കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോട് പുനരുദ്ധാരണം -പ്രവർത്തി ദിനങ്ങൾ പൂർത്തീകരിച്ചെങ്കിലും പ്രവർത്തി പൂർത്തീകരിച്ചില്ല. | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |

| | | |
|---|---|---|
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 38 | അനുബന്ധപത്രികകൾ | അനുബന്ധം 2 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

13.03.2018തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.01.19 തീയതിയിലെ 4(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 09.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9621031 |
| വരവ് | 81166906 |
| ആകെ | 90787937 |
| ചെലവ് | 72247549 |
| നീക്കിയിരിപ്പ് | 18540388 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15360000 | 15360000 | 140205696 | 1154304 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7383000 | 7383000 | 7378356 | 4644 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 67000 | 67000 | - | 67000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 12146000 | 12146000 | 12075511 | 70489 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3142000 | 3142000 | 2353669 | 788331 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9028593 | 9028593 | 7114615 | 1913978 |
| ദുരിതാശ്വാസനിധി | | 0 | 1500 | 1500 | 0 | 1500 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 27684902 | 27684902 | 27684902 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 572377 | 572377 | 572377 | 0 |
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | | 668441 | 656538 | 1324979 | 900000 | 424979 |
| റ്റി.എസ്.സി | | 230649 | 1456734 | 1687383 | 150000 | 1537383 |
| ശുചിത്വമിഷൻ | | 255520 | 0 | 255520 | 0 | 255520 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 47 | 1984620 | 1984667 | 1450362 | 534305 |
| | ജില്ലാ | 17680 | 2503524 | 2521204 | 1910129 | 611075 |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | | |
| വിമുക്തി | | 21963 | 25000 | 46963 | 38000 | 8963 |
| ബി ഫണ്ട് | | 0 | 454080 | 454080 | 454080 | 0 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | 608780 | 9124484 | 9733264 | 6234023 | 3499241 |
| | ബാങ്ക് അക്കൗണ്ട് | 7817951 | 21261702 | 29079653 | 22206687 | 608780 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 109305216 | 129 | 56708802 | 39 | 3 | 75.4 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 572377 | 572377 | 572377 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27684902 | 27684902 | 27684902 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 214080 | 92 |
| കർഷകതൊഴിലാളി പെൻഷൻ | 2392400 | 185 |
| വിധവാപെൻഷൻ | 12776000 | 1205 |
| വാർദ്ധക്യകാലപെൻഷൻ | 19074700 | 1832 |
| വികലാംഗപെൻഷൻ | 4329400 | 349 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൽക്കുള്ള പെൻഷൻ | 342500 | 113 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,960/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജന രേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജന രേഖ പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ച് വരുന്നുണ്ട്.

എ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

സി) വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ്

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29- ാം വകുപ്പിൽ പ്രദിപാദിക്കുംപ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും, ചെക്ക്/ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ക്രമ പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്.

ഡി) അനിവാര്യച്ചുമതലകളുടെ നിർവ്വഹണം

കേരളാപഞ്ചായത്ത് രാജ് ആക്ട് 166ാം വകുപ്പ് 1-ാം ഉപവകുപ്പിൽ ഉൾപ്പെട്ട തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതിപ്രകാരമുള്ള വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/ പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിൽ നടത്തുന്നുണ്ട്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.20 – 28.01.20 | 11/19 – 12/19 | 28.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.18 – 22.03.18 | 2012-13 – 2016-17 | 10.05.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.പഞ്ചായത്ത് ദുരിതാശ്വാസ നിധി തനതുഫണ്ട് നീക്കിയിരിപ്പുള്ള 1,500/- രൂപ പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്.

2.ഹരിതകേരള മിഷനിൽ നിന്നും മുൻവർഷം ലഭിച്ചതിൽ ചെലവഴിക്കാൻ ശേഷിക്കുന്ന 20,000/- രൂപ (320800199) ചെലവഴിക്കാത്ത പക്ഷം തിരികെ ഒടുക്കുവരുത്തിയിട്ടില്ല.

3.വെള്ളപ്പൊക്ക ദുരിദാശ്വാസനിധി 320800299 ൽ നീക്കിയിരിപ്പ് നില്ക്കുന്ന 2,150/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല.

4.ഈ പേയ്മെന്റ് അക്കൗണ്ട് എസ്.ബി.ഐയിൽ 31.3.18 ൽ 1,815/- രൂപയും 29.8.18 ൽ 3,678/- രൂപയും വരവായി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സാംഖ്യയിൽ വരവായി കണക്കാക്കിയിട്ടുണ്ട്.

5.പ്രോജക്ട് നം. 4/18-19 പ്രകാരം ഭവന പദ്ധതി (സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ലി.) വായ്പ പലിശയിനത്തിൽ ഒടുക്കുവരുത്തിയ 1,00,000/- രൂപ ബാങ്ക് സ്റ്റേറ്റ്മെന്റിൽ പലിശയായി വരവുവച്ചിട്ടില്ല. Loan Register interest pending details ഉൾപ്പെടുത്തി update ചെയ്യണം.

6.ലൈബ്രറിസെസ് 1,05,395/- രൂപ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം 32,206/- രൂപ ലയബിലിറ്റിയായി B9 ഷെഡ്യൂളിൽ ഉൾപ്പെട്ടത് തിരികെ ഒടുക്കിയിട്ടില്ല.

7.340200199 എന്ന ഹെഡിൽ B7 ഷെഡ്യൂളിൽ നീക്കിയിരിപ്പുള്ള 1,900/- രൂപയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

8.പാലിന് സബ്സിഡി (76/18-19) പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം 25,000/- രൂപ ചെലവ് ചെയ്തെങ്കിലും വെബ്സാംഖ്യ, സുലേഖ സ്റ്റേറ്റ്മെന്റുകളിൽ ചെലവായി പരിഗണിച്ചെടുത്തിട്ടില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിലെ നീക്കിയിരിപ്പിൽ 25,000/- രൂപ അധികമായി എ.എഫ്.എസിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

9. ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ളോക്ക് പഞ്ചായത്ത്-വരവ്-ചെലവ്-മുന്നിരിപ്പ്-നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 പട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം-കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഇനം ഒഴിവാക്കി

കുറഞ്ഞ നിരക്കിലുള്ള സൈക്കിൾ ഒഴിവാക്കി കൂടിയ നിരക്കിലുള്ള ആൺകുട്ടികൾക്കുള്ള 18-ഉം പെൺകുട്ടികൾക്കുള്ള 10-ഉം സൈക്കിളുകൾ വാങ്ങി വിതരണം ചെയ്തു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

| | |
|---|---|
| പദ്ധതി,നം | പട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ (168/19)(SO) |
| അടങ്കൽ തുക | 325000/- (എസ്.സി.പി ഫണ്ട്) |
| ചെലവ് തുക | 108860/- ,(ബിൽ നം.1/18-19/26.6.18) |

പട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ എന്ന പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചതിൽ ISO,ISIമാർക്കുള്ള സൈക്കിളുകളിൽ കുറഞ്ഞ നിരക്കുള്ള ഇനത്തെ ഒഴിവാക്കി കൂടിയ നിരക്കിലുള്ള സൈക്കിൾ വാങ്ങി.ISO,ISIമാർക്കുള്ള സൈക്കിളുകളിൽ പ്രസന്നകുമാർ സൈക്കിൾ&മോട്ടോർ ട്രേഡേഴ്സ്, പത്തനംതിട്ട എന്ന സ്ഥാപനം വിവിധയിനം സൈക്കിളുകൾക്ക് വില ക്വാട്ട് ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സൈക്കിളിന്റെ വിവരം | ഇനംതിരിച്ചുള്ള വിലവിവരം | വിലയിലുള്ളവ്യത്യാസം | നഷ്ടം |
|---|---|---|---|
| ആൺ കുട്ടികളുടെ സൈക്കിൾ-18എണ്ണം | HERO RANGER NITRO-3840 BHOGAS DNS GOLD CLASSIC-3675 | 3840-3675=165 | 165X2970 |
| പെൺ കുട്ടികളുടെ സൈക്കിൾ-10എണ്ണം | HERO MISS INDIA-3974/- BHOGAS DNS SILVER STAR-3675/- | 3974-3675=299 | 299X10=2990 |
| ആകെ | | | 5960/- |

ഉയർന്ന നിരക്കിലുള്ള HERO RANGER NITRO-3840/-,HERO MISS INDIA-3974 എന്നീ ഇനങ്ങളാണ് വാങ്ങിയിട്ടുള്ളത്. കുറഞ്ഞ നിരക്കുള്ള ഇനത്തെ ഒഴിവാക്കി കൂടിയ നിരക്കിലുള്ള സൈക്കിൾ വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശത്തെ തുടർന്ന് ,സാമ്പിൾ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ചതിൽ സാമ്പിൾ ഗുണനിലവാരമുള്ളതാണെന്ന് ബോധ്യപ്പെട്ടതിനാലാണ് ഉയർന്ന നിരക്കിലുള്ള HERO RANGER NITRO-3840/-,HERO MISS INDIA-3974 എന്നീ ഇനങ്ങളുടെ ക്വട്ടേഷൻ അംഗീകരിച്ചത് എന്നാണ്. എന്നാൽ ഗുണ നിലവാരപരിശോധന നടത്തേണ്ട ടെക്നിക്കൽ വിഭാഗം പരിശോധന നടത്തി ഗുണനിലവാര

റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ മറുപടി അംഗീകരിക്കത്തക്കതല്ല. ഇപ്രകാരം കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ഇനം സൈക്കിൾ വാങ്ങി വിതരണം ചെയ്തത് മൂലമുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-1/27.2.20

നിരാകരിച്ച തുക-5960/-

## 1-13 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം- കൂടിയ നിരക്കിലുള്ള കട്ടിൽ വാങ്ങി നൽകി

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് 100 കട്ടിൽ വാങ്ങി വിതരണം ചെയ്തു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പദ്ധതി,നം | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം (48/19) |
| അടങ്കൽ തുക | 435000/- (എസ്.സി.പി ഫണ്ട്) |
| ചെലവ് തുക | 375000/- ,(ബിൽ നം.4/18-19/14.1.19-187500/- &5/18-19/18.3.19,-187500) |

N.AS-3304/2017 തീയതി M.O 25.6.2018 – നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം ടി പദ്ധതിക്കായുള്ള കട്ടിലിന്റെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കും പ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സ്പെസിഫിക്കേഷൻ

സ്റ്റീൽ കട്ടിലിന്റെ നീളം-1.98m

വീതി-90cm,മുൻകാൽ നീളം-60cm,പിൻകാൽ നീളം-50cm,കനം-8mm പ്ലൈവുഡ്

കട്ടിൽ വിതരണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ 7 സ്ഥാപനങ്ങൾ പങ്കെടുക്കുകയും അതിൽ ഷിബു.ആർ,ക്രീയേഷൻ,ശാസ്താംകോട്ട എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ടി സ്ഥാപനത്തിൽ നിന്നും 100 കട്ടിൽ (16G,നീളം-1.98m വീതി-90cm,മുൻകാൽ നീളം-60cm,പിൻകാൽ നീളം-50cm,കനം-8mm പ്ലൈവുഡ് )3750/- രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റ് ടെണ്ടറുകൾ പരിശോധിച്ചതിൽ നിന്നും റോയൽ

എന്റർപ്രൈസസ് എന്ന സ്ഥാപനം സ്റ്റീൽ കട്ടിൽ 16G,നീളം-1.98m, വീതി-90cm, മുൻകാൽ നീളം-60cm,പിൻകാൽ നീളം-50cm, കനം-8mm പ്ലൈവുഡ്) ഓഡിനറി ടൈപ്പ് M.S പൈപ്പ് -3440/- രൂപയ്ക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. 17.7.2018 തീയതിയിലെ 2(2)-ാം നമ്പർ തീരുമാനപ്രകാരം കുറഞ്ഞ നിരക്ക് 3750/- രൂപ രേഖപ്പെടുത്തിയ ഷിബു.ആർ,ക്രീയേഷൻ,ശാസ്താംകോട്ട എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റോയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തെ ഒഴിവാക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ഗവൺമെന്റ് ഓർഡർ പ്രകാരമുള്ള ഉത്തരവിൽ സ്റ്റീൽ കട്ടിലിന്റെ നിശ്ചിത സ്പെസിഫിക്കേഷൻ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശത്തെ തുടർന്ന്, മോണിറ്ററിംഗ് കമ്മിറ്റി സാമ്പിൾ പരിശോധിച്ചതിൽ ഷിബു.ആർ, ക്രീയേഷൻ, ശാസ്താംകോട്ട എന്ന സ്ഥാപനം ഹാജരാക്കിയ കട്ടിലാണ് ബലമുള്ളതെന്ന് വിലയിരുത്തിയാണ് ക്വട്ടേഷൻ അംഗീകരിച്ചത് എന്നാണ്. എന്നാൽ ഗുണ നിലവാരപരിശോധന നടത്തേണ്ട ടെക്നിക്കൽ വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മറുപടി അംഗീകരിക്കത്തക്കതല്ല.ഇപ്രകാരം കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് കട്ടിൽ വാങ്ങി വിതരണം ചെയ്തത് മൂലമുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

ഷിബു.ആർ, ക്രീയേഷൻ,ശാസ്താംകോട്ട എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ നിരക്ക്-3750/-

റോയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ നിരക്ക്-3440/-
വ്യത്യാസം-310/-

വാങ്ങിയ കട്ടിൽ-100 എണ്ണം
നഷ്ടം-100x310=31,000/-

31,000/- രൂപ നഷ്ടം ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം-1/27.2.20
നിരാകരിച്ച തുക-31,000/-

## 1-14 മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല 90000/- രൂപ തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 1,50,000/- രൂപ വൗച്ചർ നമ്പർ 2- 1800154 തീയതി 4-6-18 പ്രകാരം മെഡിക്കൽ ഓഫീസർ, പി.എച്ച്.സിക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഒരു വാർഡിന് 10,000/- രൂപ ക്രമത്തിൽ 15 വാർഡുകൾക്കും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2, 4,7, 9, 13, 14 വാർഡുകൾ ഒഴികെയുള്ള വാർഡുകളിലെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വാർഡുകളിലെ ചെലവുകൾ വാർഡുതല ശുചിത്വ സമിതിയുടെ ബാങ്ക് അക്കൗണ്ട് വഴിയല്ല നടത്തിയിട്ടുള്ളത്. ബാങ്ക് അക്കൗണ്ട് വഴിയല്ലാതെ നടത്തിയ ചെലവുകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി-12ന് മറുപടി ലഭിച്ചില്ല. രേഖകൾ ഹാജരാക്കാനുള്ള 9 വാർഡുകളിലെ രേഖകൾ ഹാജരാക്കുന്നതു വരെ അവർക്ക് അനുവദിച്ച 90,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി - 12/03.03.2020

## 1-15 കൃഷിഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

കൃഷിഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

| പദ്ധതി,നം | പച്ചക്കറികൃഷിവികസന പദ്ധതി(15/19) |
|---|---|
| അടങ്കൽ തുക | 393750/-(CFC ഫണ്ട്)<br>56250/-(മറ്റുള്ളവ) |
| ചെലവ് തുക | 393750/- ,(ബിൽ നം.5/18-19/12.3.19) |

കുറഞ്ഞത് 5 സെന്റ് സ്ഥലത്ത് പച്ചക്കറികൃഷിക്കായി തൈ 100% സബ്സിഡിയിലും ,ജൈവവളം 75% സബ്സിഡിയിലും വിതരണം നടത്തിയിരിക്കുന്നു. അംഗീകൃത പദ്ധതി പ്രകാരം ഒരു യൂണിറ്റിന് 164 എണ്ണം പച്ചക്കറിതൈകളും 10kg ജൈവവളവുമാണ് വിതരണത്തിനായി വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിയിൽ വെണ്ട, പയർ, മത്തൻ, വഴുതന, പച്ചമുളക്, തക്കാളി, കോളിഫ്ലവർ, എന്നിവയുടെ തൈകൾ ഒരു തൈക്ക് 2.25/- രൂപ നിരക്കിൽ 2,25,000/- രൂപ ചെലവഴിച്ച് ആത്മ, ഇരിങ്ങൂർ പച്ചക്കറിത്തൈ ഉല്പാദനയൂണിറ്റിൽ നിന്നും വാങ്ങിയിട്ടുണ്ട്.7500kg ജൈവവളം 30/- രൂപ നിരക്കിൽ ഗുണഭോക്തൃവിഹിതമുൾപ്പടെ 225000/- രൂപയ്ക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറിതൈകളും, ജൈവവളവും വിതരണം സംബന്ധിച്ച് നടത്തിയ സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വിതരണരജിസ്റ്റർ പ്രകാരം വിതരണം പച്ചക്കറിത്തൈകൾ,വളം | സ്ഥലപരിശോധനയിൽഗുണഭോക്താവ് നേരിട്ട് അറിയിച്ചത് | റിമാർക്സ് |
|---|---|---|---|
| ആനി റോയി<br>എ.ആർ ഭവൻ<br>ചെങ്ങമനാട്<br>വാർഡ് നം.9 | 656 തൈകൾ | 275 തൈകൾ | |
| കുഞ്ഞുമോൻ.കെ.എൽ<br>കോയിപ്പള്ളഴികത്ത് വീട്<br>വാർഡ് നം.11 | 492<br>30 kg വളം | 15<br>വളം ലഭ്യമായിട്ടില്ല | വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന ഇനങ്ങൾ യഥാർത്ഥത്തിൽ ഗുണഫോക്താക്കൾക്ക് ലഭ്യമാകുന്നില്ല. കണക്കുകൾ കൃത്യമാക്കാൻ വേണ്ടി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായാണ് ഇതിൽ നിന്നും വ്യക്തമാകുന്നത് |
| ബാബു.കെ<br>കെ.ബി.ഹോം<br>വാർഡ് നം.11 | 492 വളം<br>30 kg വളം | 50തൈകൾ<br>30 kg വളം | |

ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പദ്ധതി നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരുടേയും ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

2.വാഴ കിഴങ്ങ് വർഗ്ഗ കൃഷിവികസന പദ്ധതി

| പദ്ധതി,നം | വാഴ കിഴങ്ങ് വർഗ്ഗ കൃഷിവികസന പദ്ധതി(15/19) |
|---|---|
| അടങ്കൽ തുക | 742500/-(വികസന ഫണ്ട്)<br>247500/-(മറ്റുള്ളവ) |
| ചെലവ് തുക | 741750/- ,(ബിൽ നം.2/18-19/22.10.18, 3/18-19/11.1.19,4/18-19/11.1.19) |

കുറഞ്ഞത് 5 സെന്റ് സ്ഥലത്ത് വാഴ, 5 സെന്റ് സ്ഥലത്ത് കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യാനായി നടീൽ വസ്തുക്കളുടെ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിൽ നൽകുന്നു.ജൈവവളം,കീടനാശിനി എന്നിവയ്ക്കായി ബിവേറിയ, ഫിഷ് അമിനോ ആസിഡ് എന്നിവ 75% സബ്സിഡിയിലും വിതരണം നടത്തിയിരിക്കുന്നു. ബിവേറിയ 450 KG@80/- രൂപ നിരക്കിലും,ഫിഷ് അമിനോ ആസിഡ്72 L@750/-രൂപ നിരക്കിലും,വാങ്ങി വിതരണം ചെയ്തിരിക്കുന്നു. ബിവേറിയ ,ഫിഷ് അമിനോ ആസിഡ് എന്നിവ വാങ്ങിയിട്ടുള്ളത് ഐശ്വര്യ ഇക്കോഷോപ്പ് &ബയോ ഫാർമസി വിപണന സംഘം എന്ന സ്ഥാപനത്തിൽ നിന്നാണ്. അംഗീകൃത പദ്ധതി പ്രകാരം ഒരു യൂണിറ്റിന് 825/- രൂപയുടെ സബ്സിഡിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ബിവേറിയ ,ഫിഷ് അമിനോ ആസിഡ് എന്നിവയുടെ വിതരണം സംബന്ധിച്ച് നടത്തിയ സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വിതരണരജിസ്റ്റർ പ്രകാരം വിതരണം ചെയ്ത ഫിഷ് അമിനോആസിഡ്,ബിവേറിയ | സ്ഥലപരിശോധനയിൽഗുണഭോക്താവ് നേരിട്ട് അറിയിച്ചത് | റിമാർക്സ് |
|---|---|---|---|
| ജോർജ്ജ് മാത്തിലഴികത്ത് ചെങ്ങമനാട് വാർഡ് നം.2 | ഫിഷ് അമിനോആസിഡ്-2.4 L<br>ബിവേറിയ-1.5Kg | ലഭ്യമായിട്ടില്ല | |
| അലക്സാണ്ടർ വർഗീസ് ലിബി ലിറ്റിൽ ഭവൻ വാർഡ് നം.2 | ഫിഷ് അമിനോആസിഡ്-2.4 L<br>ബിവേറിയ-1.5Kg | ലഭ്യമായിട്ടില്ല | |

കൃഷി ഓഫീസിൽ നിക്ഷിപ്തമായ ചുമതലകൾ നടപ്പിലാക്കുന്നതിൽ വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതും മേൽ അപാകതകൾക്ക് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതുമാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകളുണ്ടാകാതിരിക്കാൻ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.8/18-19/ 2.3.2020

## 1-16 വസ്തു നികുതി അപാകതകൾ

മേലില ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതിയുമായി ബന്ധപ്പെട്ട് എൽ.എസ്. ജി. ഡി ഓവർസിയറുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും സാന്നിദ്ധ്യത്തിൽ 02.03.2020-ൽ നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ശ്രീ. ജോയി വൈ, ചെറുപുഷ്പം എന്നയാളിന്റെ ഉടമസ്ഥതയിലുള്ള XV/637 മുതൽ 644 വരെ നമ്പർ കെട്ടിടത്തിന്റെ മുൻവശത്ത് പാർക്കിംഗ് ഏരിയയിൽ 106.7ച.മീ വിസ്തീർണ്ണത്തിൽ പുതിയതായി ഷീറ്റിട്ട് മേൽക്കൂര നിർമ്മിച്ചിരിക്കുന്നു. ആയതിന് വേണ്ടത്ര സെറ്റ് ബാക്ക് ഉള്ളതായി കാണുന്നില്ല. ചില ഭാഗങ്ങളിൽ റോഡിൽ നിന്നുള്ള 3മീറ്റർ പരിധി ലംഘിച്ചിരിക്കുന്നു.

2.പ്രസ്തുത കെട്ടിടത്തിന്റെ ഇടതു വശത്തായി 27.5ച.മീ വിസ്തീർണ്ണത്തിൽ 'കൊക്കരക്കോ പൌൾട്രി ഫാം' പ്രവർത്തിക്കുന്നു. ടി പൌൾട്രി ഫാമിന് പഞ്ചായത്തിൽ നിന്നും ഒക്കുപ്പൻസിയോ ഡി & ഒ ലൈസൻസോ അനുവദിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിട നമ്പർ അനുവദിച്ച സമയത്ത് ടി നിർമ്മാണം കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണെന്ന എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നമ്പർ അനുവദിച്ചതെന്നും പ്രസ്തുത കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ കെട്ടിയടച്ചത് സംബന്ധിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയറിൽ നിന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.പ്രസ്തുത കെട്ടിടത്തിന് മതിയായ പാർക്കിംഗ് സൌകര്യമുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അനധികൃതമായി കെട്ടിയടച്ച സെല്ലാർ ഏരിയ സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(W) പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും ' പൌൾട്രി ഫാം' പ്രവർത്തിക്കുന്ന അനധികൃതമായി നിർമ്മിച്ച കെട്ടിടം

ക്രമവത്ക്കരിച്ച് മതിയായ വസ്തുനികുതി ഈടാക്കേണ്ടതും സ്ഥാപനത്തിന് ഡി & ഒ ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റന്വേഷണം നം.10/02.03.2020

## 1-17 കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം കിഴിച്ചിട്ടില്ല.

(1)സർക്കാർ ഉത്തരവ് (പി) 84/2018 ധന തീയതി 7-6-18 പ്രകാരം 1-7-17 മുതൽ 31 - 05-18 വരെയുള്ള ഡി.എ കുടിശ്ശിക മേലില ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ജൂലൈ 2018ലെ ബില്ല പ്രകാരം അനുവദിച്ചിട്ടുണ്ട് [വൗച്ചർനം:21800237 തീയതി 7-7-18 ,34453/- രൂപ ] . കോൺട്രിബ്യൂട്ടറി പെൻഷൻ വരിക്കാരായ ജീവനക്കാരുടെ ശമ്പളവും ഡി.എയും ചേർന്ന തുകയുടെ 10% തുക പെൻഷൻഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടത് നിർബന്ധമാണ്. എന്നാൽ ഡി.എ.കുടിശ്ശിക അനുവദിച്ചിരിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം കിഴിച്ചിട്ടില്ല. ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ജീവനക്കാരുടെ പേര് | തസ്തിക | അനുവദിച്ച കുടിശ്ശിക | പെൻഷൻ വിഹിതം | പഞ്ചായത്ത് വിഹിതം |
|---|---|---|---|---|---|
| 1 | ജെസ്സി.കെ.എസ് | ക്ലാർക്ക് | 2400 | 240 | 240 |
| 2 | അമ്പിളികുമാരി.ജി | ക്ലാർക്ക് | 2427 | 243 | 243 |
| 3 | അർച്ചന .വി .എസ്സ്. | ക്ലാർക്ക് | 2432 | 243 | 243 |
| 4 | ശരണ്യ എസ്.നായർ | ക്ലാർക്ക് | 1109 | 111 | 111 |
| | | | ആകെ | 837 | 837 |

(2) സർക്കാർ ഉത്തരവ്(പി) 7/2016 പ്രകാരം 1-7-14 മുതൽ 31-01-16 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക(മൂന്നാം ഗഡു,നാലാം ഗഡു)മേലില ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ജൂൺ 2018, ഒക്ടോബർ2018 മാസങ്ങളിലെ വില്ലപ്രകാരം അനുവദിച്ചിട്ടുണ്ട്. വൌച്ചർ നമ്പർ 21800171 തീയതി 08-06-18, 117112/-രൂപ, വൌച്ചർ നമ്പർ 21800528 തീയതി 05-10-18,154210/-രൂപ. കോൺട്രിബ്യൂട്ടറി വരിക്കാരായ ജീവനക്കാരുടെ ശമ്പളവും ഡി.എയും ചേർന്ന തുക പെൻൽ ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടത് നിർബന്ധമാണ്. എന്നാൽ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിരിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ ജീവനക്കാരുടെ കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം കിഴിച്ചിട്ടില്ല. ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ജീവനക്കാരുടെ പേര് | തസ്തിക | അനുവദിച്ച കുടിശ്ശിക | പെൻഷൻ വിഹിതം | പഞ്ചായത്ത് വിഹിതം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അർച്ചന വി.എസ് | ക്ലാർക്ക് | 11387 | 1139 | 1139 | മൂന്നാം ഗഡു |
| 2 | അമ്പിളികുമാരി.ജി | ക്ലാർക്ക് | 11722 | 11722 | 11722 | മൂന്നാം ഗഡു |
| 3 | ജെസ്സി.കെ.എസ്സ് | ക്ലാർക്ക് | 2115 | 212 | 212 | മൂന്നാം ഗഡു |
| 4 | അർച്ചന വി.എസ് | ക്ലാർക്ക് | 10896 | 1099 | 1099 | നാലാം ഗഡു |
| 5 | അമ്പിളികുമാരി.ജി | ക്ലാർക്ക് | 11307 | 1131 | 1131 | നാലാം ഗഡു |
| 6 | ജെസ്സി.കെ.എസ് | ക്ലാർക്ക് | 2040 | 204 | 204 | നാലാം ഗഡു |
| | | | ആകെ | 4957 | 4957 | |

ജീവനക്കാരുടെ കുടിശ്ശിക ശമ്പളത്തിന്റെ 10% തുകയും സമാന തുക പഞ്ചായത്ത് വിഹിതവും ചേർത്ത് എൻ.പി.എസ്സിൽ ഒടുക്കേണ്ടതാണ്.

## 1-18 തെരുവുവിളക്കുകളുടെ മെയിന്റനൻസ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവുവിളക്കുകളുടെ മെയിന്റനൻസ് (58/17)എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.മേൽ പദ്ധതി വഴി നിലവിലുള്ള തെരുവുവിളക്കുകൾ കേടാകുന്ന മുറയ്ക്ക് മെയിന്റനൻസ് നടത്തിയും ആവശ്യമായ സാധനങ്ങൾ കരാറുകാരന്റെ ചുമതലയിൽ വാങ്ങി മാറ്റിയിട്ടും പ്രകാശിപ്പിക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ കൊച്ചുമേലതിൽ ഏജൻസീസിന്റെ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിലും ടി സ്ഥാപനവുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വ്യക്തമായ കരാറിൽ ഏർപ്പെട്ടിട്ടില്ല.ഇത് മൂലം പദ്ധതി നടത്തിപ്പിലുണ്ടാകുന്ന അപാകതകൾക്കോ കരാറുകാരൻ പഞ്ചായത്തിനോ ഇലക്ട്രിസിറ്റി ബോർഡിനോ വരുത്തുന്ന നാശനഷ്ടങ്ങളുണ്ടാക്കോ എതിരെ പഞ്ചായത്തിന് യാതൊരു നിയമനടപടിയും സ്വീകരിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു.

2.1152750/-അടങ്കൽ തുകയുള്ള മേൽ പദ്ധതിയിൽ (വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് ),445689/- (ബിൽ നം 32/27-3-19)
രൂപയാണ് തൻവർഷം ചെലവഴിച്ചിരിക്കുന്നത്. പദ്ധതിയുടെ പരിശോധനയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖയിലെ (15-9-11ലെ 3055/ഡി.എ.3/2011 lsgd)നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി അധികൃതരും തദ്ദേശസ്വയം ഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നം. സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്റ്റ് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്റർ വച്ചിട്ടില്ല.

3. 27.7.16ലെ GO(Rt) no 2238/16 LSGD ഉത്തരവിൽ ഇലക്ട്രിക്കൽ സാധനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങുമ്പോൾ ,ടെണ്ടർ ക്ഷണിക്കുന്ന വേളയിൽ തന്നെ പെർഫോമൻസ്

ഗ്യാരന്റി ആവശ്യപ്പെടണമെന്നും അതിനനുസരിച്ചുള്ള വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തണമെന്നും സ്റ്റോക്ക് രജിസ്റ്ററിൽ പെർഫോമൻസ് ഗ്യാരന്റി വിശദാംശങ്ങൾ രേഖപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

4.മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

മേൽ വിഷയങ്ങൾ സൂചിപ്പിച്ചുകൊണ്ട് നല്കിയ എൻക്വയറിയുടെ (3/28-2-20)മറുപടിയിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല

ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു.വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്, അടങ്കൽ തുക<br>ചെലവഴിച്ച തുക (ബിൽ നം) | നിർവ്വഹണോദ്യോഗസ്ഥൻ | വിനിയോഗസാക്ഷ്യപത്രം ലഭിക്കാനുള്ള തുക |
|---|---|---|---|
| 1 | എസ്.എസ്.എ. വിഹിതം നല്കൽ (2/19-വികസനഫണ്ട് (സാധാ)700000/-<br>700000/-(4/26-6-18) | സെക്രട്ടറി | 7,00,000/ |
| 2 | എെ.കെ.എമ്മിന് വിഹിതം നല്കൽ 6/19വികസനഫണ്ട് (സാധാ) 75000/-<br>74845/-(ബിൽ നം 14/24-9-18) | സെക്രട്ടറി | 74,845/- |
| 3 | കന്നുകുട്ടിപരിപാലനം<br>47/19 1750000/- വികസനഫണ്ട് 875000/- ഗ.വി 875000)<br>862500/-(ബിൽ നം 14/21-1-19 537500/- ,<br>ബിൽ നം 15/21-1-19 325000/- | വെറ്ററിനറി സർജൻ | 8,62,500/- |

| | | | |
|---|---|---|---|
| | | ആകെ | 16,37,345/- |

## 1-20 കറവ പ്പശുവിനെ വാങ്ങൽ -ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല.

കറവപ്പശുവിനെ വാങ്ങൽ(165/19-സ്പിൽഓവർ) പദ്ധതിവഴി ശ്രീമതി. കാർത്യായനി, അമ്പിളിവിലാസം ,മേലില എന്ന വ്യക്തിക്ക് പശുവിനെ വാങ്ങുന്നതിനായി വികസനഫണ്ടിൽ നിന്നും 25,000/- രൂപ(ബിൽ നം 9/24-10-18) സബ്സിഡി നല്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താവ് പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ടി കാരണത്താൽ സബ്സിഡിയിനത്തിൽ ചെലവഴിച്ച 25,000/- രൂപ തടസ്സപ്പെടുത്തുന്നു.മേൽ വിഷയംസൂചിപ്പിച്ചുകൊണ്ട് നല്കിയ എൻക്വയറിയുടെ (4/29-2-20)മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്.

## 1-21 എം.ജി.എൻ.ആർ.ഇജി.എസ് -കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോട് പുനരുദ്ധാരണം -പ്രവർത്തി ദിനങ്ങൾ പൂർത്തീകരിച്ചെങ്കിലും പ്രവർത്തി പൂർത്തീകരിച്ചില്ല.

മേലില 6ാം വാർഡിലെ തോടിന്റെ ഇരു കരകളും 390 മീ നീളത്തിലും 2.9മീ വീതിയിലും കയർഭൂവസ്ത്രം വിരിച്ച് പുല്ല് പിടിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവർത്തിയുടെ വിവരങ്ങൾ.

| | |
|---|---|
| 1 | ഭരണാനുമതി നം 2(1) തീ 19-12-16 |
| | സാങ്കേതികാനുമതി -283/MEGP/MGNREGS/17-18 dt 10-1-18 |
| | FTO no 33233/19-5-18,എം ബുക്ക് നം.74/19 |
| | തുക 147695/- കയർ ഭൂവസ്ത്രം 19,500/- |
| 2 | ഭരണാനുമതി നം 3(2) തീ 12-6-18 |
| | സാങ്കേതികാനുമതി -246/MEGP/MGNREGS/17-18 dt 6-12-17 |
| | FTO no 74256/19-5-18,എം ബുക്ക് നം.75/19 |
| | തുക 147695/- കയർ ഭൂവസ്ത്രം 19,500/- |

മേൽ രണ്ട് പ്രവർത്തികളിലും തോടിന്റെ സൈഡ് സംരക്ഷണത്തിനായി 390 മീ നീളത്തിലും 2.9 മീ വീതിയിലും കയർഭൂവസ്ത്രം വിരിച്ച് പുല്ല് പിടിപ്പിക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റുകളാണ് ഉൾപ്പെടുത്തിയിരുന്നത്. 2,22,361/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതിൽ 519 മനുഷ്യദിനങ്ങൾക്കായി 134076/- രൂപയും കയർ ഭൂവസ്ത്രത്തിന് 73,515/- രൂപയും (390*2.9-1131 സ്ക്വ.മീ @ 65) മുളയ്ക്ക് 6,080/- രൂപയും ഷാർപ്പനിങ്ങ് ചാർജ്ജ് ,ഡിസ്പ്ലേ ബോർഡ് എന്നിവ യ്ക്ക് 8690 രൂപയുമാണ് നിർണ്ണയിച്ചിരുന്നത്. എന്നാൽ 2

പ്രവർത്തികളിലും എം ബുക്ക് പ്രകാരം 150മീ നീളത്തിലും 2മീ വീതിയിലും 300സ്ക്വ.മീ മാത്രമാണ് കയർ ഭൂവസ്ത്രം വിരിച്ചിരുന്നതെങ്കിലും 519 മനുഷ്യദിനങ്ങൾക്കുള്ള തൊഴിൽ കൂലിയും(1131 സ്ക്വയർ മീറ്റർ)വിതരണം ചെയ്തിരുന്നു. പ്രവർത്തിയുടെ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിക്കാതെ കുറഞ്ഞ അളവിൽ മാത്രം നടത്തിയ പ്രവർത്തിക്ക് തൊഴിൽ കൂലി മുഴുവനും നല്കിയതിന്റെ കാരണം സൂചിപ്പിച്ചു കൊണ്ട് നല്കിയ ഓഡിറ്റ്(11/3-3-20) എൻക്വയറിയുടെ മറുപടിയിൽ, കയർ ലഭിക്കുന്നതിന് മുമ്പ് തന്നെ മറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നതായും കയർ ഭൂവസ്ത്രം പിന്നീട് ലഭിച്ചു എന്നും ലഭിച്ച അളവിലുള്ള കയർ ഭൂവസ്ത്രം മാത്രം സ്ഥാപിച്ചു എന്നുമാണ് അറിയിച്ചിരിക്കുന്നത്. തുടർന്നുള്ള പ്രവർത്തനങ്ങളിൽ മേൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ഭരണ സമിതി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-22 കാലിബാരലിന്റെ വില കരാറുകാരനിൽനിന്നും ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് എന്ക്വയറി നം. 05/29.02.2020 -ന് നൽകിയ മറുപടിയിൽ ബാരലിന്റെ വില ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ബിറ്റുമിൻ<br>എസ്സ്-65 156/ ബാരൽ, ആർ എസ്-1– 156/ ബാരൽ) | ഈടാക്കേണ്ടിയിരുന്ന തുക (238+18%ജി എസ് ടി =281/- |
|---|---|---|---|
| 1 | പടിഞ്ഞാറെ തെരുവ് - കഴീലഴികത്ത് റോഡ് റീ ടാറിംഗ്<br>പ്രോജക്ട് നം -186/18 | എസ്സ്-65- 3367<br>ആർ എസ്-1-395 കി. | 30x281=8430/- |

| | | | |
|---|---|---|---|
| | അടങ്കൽ തുക-270000 (വികി. ഫണ്ട്) കരാറുകാരൻ-ശ്രീ. ജോസ് ഡാനിയൽ കരാർ-58/18-19/AE/LSGD, 31-3-18ബിൽ നം-18/23-06-2018 | എസ്സ് എസ്സ്-1- 888 | |
| 2 | കോണത്ത് കോളനി റോഡ് , പ്രോജക്റ്റ് നം -187/19 അടങ്കൽ തുക-423000(മെയി. ഫണ്ട്) കരാറുകാരൻ-ശ്രീ. ജോസ് ഡാനിയൽ, കരാർ-59/18-19/AE/LSGD, 31-03-18, ബിൽ നം-17/23-6-2018 | എസ്സ്-65-1697kg ആർ എസ്-1-221കി. എസ്സ് എസ്സ്-1-683kg | 17 x281=47771 |
| 3 | ചീക്കൽ ഭാഗം -ആനക്കോട്ടൂർ റോഡ് ടാറിംഗ് പ്രോജക്ട് നം- 142/18-19 അടങ്കൽ തുക-748000 (സംരക്ഷണഗ്രാന്റ്, റോഡ്) | എസ്സ്-65-2723 ആർ എസ്-1-355കി. എസ്സ് എസ്സ്-1-1097kg | 26x281=7306 |

| | | | |
|---|---|---|---|
| | കരാറുകാരൻ-ശ്രീ. റജി ജോൺ<br>കരാർ-10/18-19/AE/LSGD, 6-12-17<br>ബിൽ നം-3/ 18-19 dt 21-05-2018 | | |
| ആകെ | | | 20513/-രൂപ |

ബാരൽ വിലയിനത്തിൽ ഈടാക്കാനുള്ള 20,513/- രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം-കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി

കുറഞ്ഞ നിരക്കിലുള്ള സൈക്കിൾ ഒഴിവാക്കി കൂടിയ നിരക്കിലുള്ള ആൺകുട്ടികൾക്കുള്ള 18-ഉം പെൺകുട്ടികൾക്കുള്ള 10-ഉം സൈക്കിളുകൾ വാങ്ങി വിതരണം ചെയ്തു.

| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
|---|---|
| പദ്ധതി,നം | പട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ<br>(168/19)(SO) |
| അടങ്കൽ തുക | 325000/-<br>(എസ്.സി.പി ഫണ്ട്) |
| ചെലവ് തുക | 108860/- ,(ബിൽ നം.1/18-19/26.6.18) |

പട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ എന്ന പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചതിൽ ISO,ISIമാർക്കുള്ള സൈക്കിളുകളിൽ കുറഞ്ഞ നിരക്കുള്ള ഇനത്തെ ഒഴിവാക്കി കൂടിയ നിരക്കിലുള്ള സൈക്കിൾ വാങ്ങി.ISO,ISIമാർക്കുള്ള സൈക്കിളുകളിൽ പ്രസന്നകുമാർ

സൈക്കിൾ&മോട്ടോർ ട്രേഡേഴ്സ്, പത്തനംതിട്ട എന്ന സ്ഥാപനം വിവിധയിനം സൈക്കിളുകൾക്ക് വില ക്വാട്ട് ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സൈക്കിളിന്റെ വിവരം | ഇനംതിരിച്ചുള്ള വിലവിവരം | വിലയിലുള്ളവ്യത്യാസം | നഷ്ടം |
|---|---|---|---|
| ആൺ കുട്ടികളുടെ സൈക്കിൾ-18എണ്ണം | HERO RANGER NITRO-3840 BHOGAS DNS GOLD CLASSIC-365 | 3840-3675=165 | 165X2970 |
| പെൺ കുട്ടികളുടെ സൈക്കിൾ-10എണ്ണം | HERO MISS INDIA-3974/- BHOGAS DNS SILVER STAR-3675/- | 3974-3675=299 | 299X10=2990 |
| ആകെ | | | 5960/- |

ഉയർന്ന നിരക്കിലുള്ള HERO RANGER NITRO-3840/-,HERO MISS INDIA-3974 എന്നീ ഇനങ്ങളാണ് വാങ്ങിയിട്ടുള്ളത്. കുറഞ്ഞ നിരക്കുള്ള ഇനത്തെ ഒഴിവാക്കി കൂടിയ നിരക്കിലുള്ള സൈക്കിൾ വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശത്തെ തുടർന്ന് ,സാമ്പിൾ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ചതിൽ സാമ്പിൾ ഗുണനിലവാരമുള്ളതാണെന്ന് ബോധ്യപ്പെട്ടതിനാലാണ് ഉയർന്ന നിരക്കിലുള്ള HERO RANGER NITRO-3840/-,HERO MISS INDIA-3974 എന്നീ ഇനങ്ങളുടെ ക്വട്ടേഷൻ അംഗീകരിച്ചത് എന്നാണ്. എന്നാൽ ഗുണ നിലവാരപരിശോധന നടത്തേണ്ട ടെക്നിക്കൽ വിഭാഗം പരിശോധന നടത്തി ഗുണനിലവാര റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ മറുപടി അംഗീകരിക്കത്തക്കതല്ല. ഇപ്രകാരം കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ഇനം സൈക്കിൾ വാങ്ങി വിതരണം ചെയ്തത് മൂലമുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-1/27.2.20

നിരാകരിച്ച തുക-5,960/-

## 3-2 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം-കൂടിയ നിരക്കിലുള്ള കട്ടിൽ വാങ്ങി നൽകി

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് 100 കട്ടിൽ വാങ്ങി വിതരണം ചെയ്തു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പദ്ധതി,നം | പട്ടികജാതി വിഭാഗത്തിൽപ്പെട്ട |

| | |
|---|---|
| | വൃദ്ധർക്ക് കട്ടിൽ വിതരണം (48/19) |
| അടങ്കൽ തുക | 435000/- (എസ്.സി.പി ഫണ്ട്) |
| ചെലവ് തുക | 375000/- ,(ബിൽ നം.4/18-19/14.1.19-187500/- &5/18-19/18.3.19,-187500) |

N.AS-3304/2017 തീയതി 25.6.2018 – നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം ടി പദ്ധതിക്കായുള്ള കട്ടിലിന്റെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കും പ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സ്പെസിഫിക്കേഷൻ

സ്റ്റീൽ കട്ടിലിന്റെ നീളം-1.98m

വീതി-90cm,മുൻകാൽ നീളം-60cm,പിൻകാൽ നീളം-50cm,കനം-8mm പ്ലൈവുഡ് കട്ടിൽ വിതരണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ 7 സ്ഥാപനങ്ങൾ പങ്കെടുക്കുകയും അതിൽ ഷിബു.ആർ,ക്രീയേഷൻ,ശാസ്താംകോട്ട എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ടി സ്ഥാപനത്തിൽ നിന്നും 100 കട്ടിൽ (16G,നീളം-1.98m വീതി-90cm,മുൻകാൽ നീളം-60cm,പിൻകാൽ നീളം-50cm,കനം-8mm പ്ലൈവുഡ് )3750/- രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റ് ടെണ്ടറുകൾ പരിശോധിച്ചതിൽ നിന്നും റോയൽ എന്റർപ്രൈസസ് എന്ന സ്ഥാപനം സ്റ്റീൽ കട്ടിൽ 16G,നീളം-1.98m, വീതി-90cm, മുൻകാൽ നീളം-60cm,പിൻകാൽ നീളം-50cm, കനം-8mm പ്ലൈവുഡ്) ഓഡിനറി ടൈപ്പ് M.S പൈപ്പ് -3440/- രൂപയ്ക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. 17.7.2018 തീയതിയിലെ 2(2)-ാം നമ്പർ തീരുമാനപ്രകാരം കുറഞ്ഞ നിരക്ക് 3750/- രൂപ രേഖപ്പെടുത്തിയ ഷിബു.ആർ,ക്രീയേഷൻ,ശാസ്താംകോട്ട എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റോയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തെ ഒഴിവാക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ഗവൺമെന്റ് ഓർഡർ പ്രകാരമുള്ള ഉത്തരവിൽ സ്റ്റീൽ കട്ടിലിന്റെ നിശ്ചിത സ്പെസിഫിക്കേഷൻ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശത്തെ തുടർന്ന്, മോണിറ്ററിംഗ് കമ്മിറ്റി സാമ്പിൾ പരിശോധിച്ചതിൽ ഷിബു.ആർ, ക്രീയേഷൻ, ശാസ്താംകോട്ട എന്ന സ്ഥാപനം ഹാജരാക്കിയ കട്ടിലാണ് ബലമുള്ളതെന്ന് വിലയിരുത്തിയാണ് ക്വട്ടേഷൻ അംഗീകരിച്ചത് എന്നാണ്. എന്നാൽ ഗുണ നിലവാരപരിശോധന നടത്തേണ്ട ടെക്നിക്കൽ വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മറുപടി അംഗീകരിക്കത്തക്കതല്ല.ഇപ്രകാരം കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് കട്ടിൽ വാങ്ങി വിതരണം ചെയ്തത് മൂലമുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

ഷിബു.ആർ, ക്രീയേഷൻ,ശാസ്താംകോട്ട എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ നിരക്ക്-3750/-

റോയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ നിരക്ക്-3440/-
വ്യത്യാസം-310/-

വാങ്ങിയ കട്ടിൽ-100 എണ്ണം
നഷ്ടം-100x310=31,000/-

31,000/- രൂപ നഷ്ടം ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം-1/27.2.20
നിരാകരിച്ച തുക-31,000/-

## 3-3 കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോട് പുനരുദ്ധാരണം -പ്രവർത്തി ദിനങ്ങൾ പൂർത്തീകരിച്ചെങ്കിലും പ്രവർത്തി പൂർത്തീകരിച്ചില്ല.

മേലില 6ാം വാർഡിലെ തോടിന്റെ ഇരു കരകളും 390 മീ നീളത്തിലും 2.9മീ വീതിയിലും കയർഭ്രവസ്ത്രം വിരിച്ച് പുല്ല് പിടിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവർത്തിയുടെ വിവരങ്ങൾ.

| | |
|---|---|
| 1 | ഭരണാനുമതി നം 2(1) തീ 19-12-16 |
| | സാങ്കേതികാനുമതി -283/MEGP/MGNREGS/17-18 dt 10-1-18 |
| | FTO no 33233/19-5-18,എം ബുക്ക് നം.74/19 |
| | തുക 147695/- കയർ ഭ്രവസ്ത്രം 19,500/- |
| 2 | ഭരണാനുമതി നം 3(2) തീ 12-6-18 |
| | സാങ്കേതികാനുമതി -246/MEGP/MGNREGS/17-18 dt 6-12-17 |
| | FTO no 74256/19-5-18,എം ബുക്ക് നം.75/19 |
| | തുക 147695/- കയർ ഭ്രവസ്ത്രം 19,500/- |

മേൽ രണ്ട് പ്രവർത്തികളിലും തോടിന്റെ സൈഡ് സംരക്ഷണത്തിനായി 390 മീ നീളത്തിലും 2.9 മീ വീതിയിലും കയർഭ്രവസ്ത്രം വിരിച്ച് പുല്ല് പിടിപ്പിക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റുകളാണ് ഉൾപ്പെടുത്തിയിരുന്നത്. 2,22,361/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതിൽ 519 മനുഷ്യദിനങ്ങൾക്കായി 134076/- രൂപയും കയർ ഭ്രവസ്ത്രത്തിന് 73,515/- രൂപയും (390*2.9-1131 സ്ക്വ.മീ @ 65) മുളയ്ക്ക് 6,080/- രൂപയും ഷാർപ്പനിങ്ങ് ചാർജ്ജ് ,ഡിസ്പ്ലേ ബോർഡ് എന്നിവ യ്ക്ക് 8690 രൂപയുമാണ് നിർണ്ണയിച്ചിരുന്നത്. എന്നാൽ 2 പ്രവർത്തികളിലും എം ബുക്ക് പ്രകാരം 150മീ നീളത്തിലും 2മീ വീതിയിലും 300സ്ക്വ.മീ

മാത്രമാണ് കയർ ഭൂവസ്ത്രം വിരിച്ചിരുന്നതെങ്കിലും 519 മനുഷ്യദിനങ്ങൾക്കുള്ള തൊഴിൽ കൂലിയും(1131 സ്ക്വയർ മീറ്റർ)വിതരണം ചെയ്തിരുന്നു. പ്രവർത്തിയുടെ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിക്കാതെ കുറഞ്ഞ അളവിൽ മാത്രം നടത്തിയ പ്രവർത്തിക്ക് തൊഴിൽ കൂലി മുഴുവനും നല്കിയതിന്റെ കാരണം സൂചിപ്പിച്ചു കൊണ്ട് നല്കിയ ഓഡിറ്റ്(11/3-3-20) എൻക്വയറിയുടെ മറുപടിയിൽ, കയർ ലഭിക്കുന്നതിന് മുമ്പ് തന്നെ മറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നതായും കയർ ഭൂവസ്ത്രം പിന്നീട് ലഭിച്ചു എന്നും ലഭിച്ച അളവിലുള്ള കയർ ഭൂവസ്ത്രം മാത്രം സ്ഥാപിച്ചു എന്നമാണ് അറിയിച്ചിരിക്കുന്നത്. തുടർന്നുള്ള പ്രവർത്തനങ്ങളിൽ മേൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ഭരണ സമിതി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-4 കാലിബാരലിന്റെ വില കരാറുകാരനിൽനിന്നും ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക്
കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള
നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ
അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല.
വിശദാംശം ചുവടെ ചേർക്കുന്നു

| ക്ര.നം | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ബിറ്റുമിൻ<br>എസ്സ്-65 156/ ബാരൽ, ആർ എസ്-1–156/ ബാരൽ) | ഈടാക്കേണ്ടിയിരുന്ന തക (238+18%ജി എസ് ടി =281/- |
|---|---|---|---|
| 1 | പടിഞ്ഞാറെ തെരുവ് - കുഴിലഴികത്ത് റോഡ് റീ ടാറിംഗ്<br>പ്രോജ നം -186/18<br>അടങ്കൽ തുക-270000 (വിക. ഫണ്ട്)<br>കരാറുകാരൻ-ശ്രീ. ജോസ് ഡാനിയൽ കരാർ-58/18-19/AE/LSGD, 31-3-18ബിൽ നം-18/23-06-2018 | എസ്സ്-65-3367<br>ആർ എസ്-1-395 കി.<br>എസ്സ് എസ്സ്-1- 888 | 30x281=8430/- |
| 2 | കോണത്ത് കോളനി റോഡ് ,<br>പ്രോജനം -159/19<br>അടങ്കൽ തുക- 423000(മെയി. ഫണ്ട്)<br>കരാറുകാരൻ-ശ്രീ. ജോസ് ഡാനിയൽ, കരാർ-59/18-19/AE/LSGD, 31-03-18, ബിൽ നം-17/23-6-2018 | എസ്സ്-65-1175kg<br>ആർ എസ്-1-221കി.<br>എസ്സ് എസ്സ്-1- 683kg | 17 x281=47771 |
| 3 | ചീക്കൽ ഭാഗം -ആനക്കോട്ടൂർ റോഡ് ടാറിംഗ്<br>പ്രോജ നം- 142/18-19<br>അടങ്കൽ തുക-748000 (സംരക്ഷണഗ്രാന്റ്, റോഡ്) | എസ്സ്-65-2723<br>ആർ എസ്-1- 355കി. | 226x281=7306 |

| | | | |
|---|---|---|---|
| | കരാറുകാരൻ-ശ്രീ. റജി ജോൺ<br>കരാർ-10/18-19/AE/LSGD, 6-12-17<br>ബിൽ നം-3/ 18- 19 dt 21-05-2018 | എസ്സ് എസ്സ്-1-<br>1097kg | |
| ആകെ | | | 2051 3 |

ബാരൽ വിലയിനത്തിൽ ഈടാക്കാനുള്ള 20513/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.19 – 23.07.19 | കെ.എസ്.എ.കെ.എൽ.എം.പി11/1121/19<br>തീയതി 29.08.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 17,74,200/- | ലൈഫ് | 12,40,000/- | 5,34,200/- |
| | | 85,420/- | വികലാഗർക്ക് സ്കോളർഷിപ്പ് | 85,420/- | |
| | | 1,00,000/- | പാലിയേറ്റീവ് കെയർ | 99,942/- | 58/- |
| | | 25,000/- | പാലിന് സബ്സിഡി | 25,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,00,000/- | അംഗനവാടി പോഷകാഹാരം | 1,00,000/- | 0 |
| | | 25,000/- | പാലിന് സബ്സിഡി | 25,000/- | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 85,420/- | വികലാഗർക്ക് സ്കോളർഷിപ്പ് | 85,420/- | 0 |
| | | 16,97,629/- | ലൈഫ്(ജനറൽ) | 16,97,629/- | 0 |
| | | 5,93,395/- | നെൽകൃഷി വികസനം | 0 | 5,93,395/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 70,94,971/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഭവന പദ്ധതി(സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്) | 80285/ ഡി.ബി1/13/ ത.സ്വ.ഭ.വ 16.01.14 | 4972384/- | 1732384/- | 500000/- | 100000/- | 1232384/- |
| 2 | ലൈഫ് മിഷൻ ഭവന പദ്ധതി (കെ.യു.ആർ.ഡി.എഫ് സി) | സ.ഉ(സാദാ) 2278/ത.സ്വ.ഭ.വ തീയതി 18.08.18 | 7094971/- | - | - | - | 7094971/- |
| 3 | ഇ.എം.എസ് ഭവന പദ്ധതി (സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്) | 522/10/17/17.02.10 | 13071000/- | 480900/- | 480900/- | - | - |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,810/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-10 | 6000 | ശ്രീമതി. പ്രീത, ചരുവിളവീട് , മേലില | 118040400004/28.12.2018 |
| 2015-16 | 3-10 | 4103 | അസിസ്റ്റന്റ് എഞ്ചിനീയർ | 11804010677/22.05.18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.11.5 | 2001-02 | 3.6 | ഹോമിയോ ഡിസ്പെൻസറി | ADP യ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. |
| 2006-07 | 3.11.7 | 2002-03 | 3.15 | അംഗൻവാടി കെട്ടിട നിർമ്മാണം | ഡെപ്പോസിറ്റ് വർക്ക് പൂർത്തിയായിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 90787937 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,22,47,549/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 57,473/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17,27,345/- |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5960 | ശ്രീ.പ്രസേനകുമാർ,ഹെഡ്മാസ്റ്റർ |
| 3-2 | | 31000 | ശ്രീ.അനിൽകുമാർ എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 20513 | ശ്രീമതി. സീന.റ്റി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 90000 | ശ്രീ.കബീർദാസ്, സെക്രട്ടറി |
| 1-19 | 774845 | ശ്രീ.കബീർദാസ്, സെക്രട്ടറി |
| | 862500 | ഡോ.സുരേഷ് കുമാർ,വെറ്റിനറി സർജൻ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കബീർദാസ്, സെക്രട്ടറി | സെക്രട്ടറി, മേലില ഗ്രാമപഞ്ചായത്ത് | കടവിള ചന്ദനത്തോപ്പ് പി ഒ കൊല്ലം |
| ഡോ.സുരേഷ് കുമാർ,വെറ്റിനറി സർജൻ | - | വടക്കേവിള ഹൌസ് ഇളമാട് പി ഒ |
| ശ്രീ.പ്രസേനകുമാർ,ഹെഡ്മാസ്റ്റർ | - | പ്രണവം പൊലിക്കോട് വയയ്ക്കൽ |
| ശ്രീ.അനിൽകുമാർ എസ്, അസിസ്റ്റന്റ് സെക്രട്ടറി | - | ശ്രീശാന്തി ഇടയ്ക്കിടം പി ഒ |
| ശ്രീമതി. സീന.റ്റി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | - | പ്ലാവിള വീട് താഴം നോർത്ത് ചാത്തന്നൂർ പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി-ക്കുന്ന ഖണ്ഡിക-കളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്സ്.എ.കെ.എൽ.എം. പി11/399(1)/23-2-18 | 1 |
| 1997-98 | കെ.എസ്സ്.എ.കെ.എൽ.എം. പി11/399(2)/23-2-18 | 3 |
| 1998-99 | കെ.എസ്സ്.എ.കെ.എൽ.എം. പി11/399(3)/23-2-18 | 7 |
| 1999-2000 | കെ.എസ്സ്.എ.കെ.എൽ.എം. പി11/399(4)/23-2-18 | 4 |
| 2000-01 | കെ.എസ്സ്.എ.കെ.എൽ.എം. പി11/399(5)/23-2-18 | 6 |
| 2001-02 | കെ.എസ്സ്.എ.കെ.എൽ.എം പി11/399(6)/23-2-18 | 3 |
| 2002-03 | കെ.എസ്സ്.എ.കെ.എൽ.എം. പി11/399(7)/23-2-18 | 8 |
| 2003-04 | കെ.എസ്സ്.എ.കെ.എൽ.എം. പി11/399(8)/23-2-18 | 8 |
| 2004-05 | കെ.എസ്സ്.എ.കെ.എൽ.എം. പി11/399(9)/23-2-18 | 2 |
| 2005-06 | കെ.എസ്സ്.എ.കെ.എൽ.എം. പി11/399(10)/23-2-18 | 8 |
| 2006-07 | കെ.എസ്സ്.എ.കെ.എൽ.എം. പി11/738(1)/2019 dtd,31.05.19 | 15 |
| 2007-08 | കെ.എസ്സ്.എ.കെ.എൽ.എം. പി11/738(2)/2019 dtd,31.05.19 | 12 |
| 2008-09 | കെ.എസ്സ്.എ.കെ.എൽ.എം. പി11/738(3)/2019 dtd,31.05.19 | 10 |
| 2009-10 | കെ.എസ്സ്.എ.കെ.എൽ.എം. പി11/738(4)/2019 dtd,31.05.19 | 8 |
| 2010-11 | കെ.എസ്സ്.എ.കെ.എൽ.എം. | 7 |

| | | |
|---|---|---|
| | പി11/738(5)/2019 dtd,31.05.19 | |
| 2011-12,<br>2012-13 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/2443/01.04.2014 | എല്ലാ ഖണ്ഡികകളും |
| 2013-14,<br>2014-15 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/822/2016/01.06.2016 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി3/1889/2016/ | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്സ്.എ.കെ.എൽ.എം.<br>പി11/1544/2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി11/1711/2018തീയതി.21.1.2019 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ. കെ.എൽ.എം - പി.11-429/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -20-05-2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ മേലില ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേലില ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

No.KSA.KLM.P11 –429/2019 , Dated –20 /05/2020

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of Melila Grama Panchayath for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Melila Grama Panchayath for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

Kerala State Audit Department

District Office, Kollam

# അനുബന്ധം-2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്